(ബി) ക്ഷേത്രകലാ അക്കാഡമിക്ക് ഇതുവരെയായി സർക്കാർ എന്തെങ്കിലും ധനസഹായം ലഭ്യമാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) ക്ഷേത്രകലാ അക്കാഡമിയുടെ പ്രവർത്തനം എപ്പോൾ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) നിർദ്ദിഷ്ട ക്ഷേത്രകലാ അക്കാഡമിയുടെ പ്രവർത്തനത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് 12-6-2014-ൽ ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട കക്ഷികളുടെ ഒരു യോഗം സംഘടിപ്പിച്ചു വിശദമായ ചർച്ചകൾക്കുശേഷം അക്കാഡമിയുടെ കീഴിൽ ആരംഭിക്കുന്ന കോഴ്സുകൾ, ഫാക്കൽറ്റി അംഗങ്ങൾ, ചെലവ് എന്നിവയെക്കുറിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് അക്കാഡമി ചെയർമാനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(ബി) മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൽ മലബാറിലെ ക്ഷേത്രകലകൾ പഠിപ്പിക്കുന്നതിനായി രൂപീകരിച്ച ക്ഷേത്രകലാ അക്കാഡമിയുടെ പ്രവർത്തനത്തിനായി സർക്കാർ പ്രത്യേക ഫണ്ട് അനുവദിക്കുന്നതുവരെ, തനത് ഫണ്ടിൽനിന്നോ ബോർഡിന് നൽകിയിട്ടുള്ള ഗ്രാന്റ് തുകയിൽനിന്നോ ആവശ്യമായ തുക ചെലവഴിച്ച് ക്ഷേത്രകലാ അക്കാഡമിയുടെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിന് സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) അക്കാഡമി ചെയർമാന്റെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

ഒരു പഞ്ചായത്തിൽ ഒരു കളം പദ്ധതി

136 (828) <u>ശ്രീ. കെ അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൈനർ ഇറിഗേഷൻവഴി നടപ്പിലാക്കുന്ന ഒരു പഞ്ചായത്തിൽ ഒരു കളം പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം ഇതുവരെ എത്ര കളങ്ങൾ നവീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിക്കായി കളങ്ങളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം എന്താണെന്നും ഒരു കളത്തിന്റെ നവീകരണത്തിന് പരമാവധി എത്ര തുകവരെ ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഒരു പഞ്ചായത്തിൽ ഒരു കളം പദ്ധതിക്കായി 2012-13 സാമ്പത്തിക വർഷത്തിൽ 47 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും അതനുസരിച്ച് കേരളത്തിലെ വിവിധ നദീതടങ്ങളിലായി 354 കളങ്ങളുടെ പുനരുദ്ധാരണത്തിന് 72.758 കോടി രൂപ അനുവദിക്കുകയും ചെയ്തു. ഇതുകൂടാതെ 2013-14 വർഷത്തിലെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഈ പദ്ധതി ഉൾപ്പെടുത്തുകയും നിയമസഭ സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച പ്രകാരം ഈ പദ്ധതിയിൽ ഇതുവരെ ഉൾപ്പെട്ടിട്ടില്ലാത്ത പഞ്ചായത്തുകളിലെ കളങ്ങൾ സംബന്ധിച്ച് എം.എൽ.എ.-മാരുമായി കൂടിയാലോചിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) 115 കളങ്ങൾ നവീകരിച്ചിട്ടുണ്ട്.

(സി) എം.എൽ.എ.-മാരുടെയും, ബന്ധപ്പെട്ട പഞ്ചായത്തിന്റേയും ശിപാർശ പ്രകാരമാണ് കളങ്ങൾ തിരഞ്ഞെടുക്കുന്നത്. തുകയുടെ പരിധി സംബന്ധിച്ച മാനദണ്ഡങ്ങൾ ഒന്നും നിലവിലില്ല.

തടയണ നിർമ്മിക്കുന്നതിന് അനുവദിച്ച തുക

137 (829) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റിന്റെ കാലയളവിൽ സംസ്ഥാനത്ത് ജലസംരക്ഷണത്തിനായി പുഴയിൽ തടയണ നിർമ്മിക്കുന്നതിന് എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) കോഴിക്കോട് ജില്ലയിൽ പുഴയിൽ തടയണ നിർമ്മിക്കുന്നതിന് അനുവദിച്ച തുകയും പ്രവൃത്തികളുടെ പേരും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ജലസംരക്ഷണത്തിനായി സംസ്ഥാനത്തിലെ പുഴകളിലും തോടുകളിലും 183 ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനായി 106.60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. രണ്ടാം ഘട്ടമായി 7 ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിന് 378 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(ബി) മറുപടി അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly